## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4158 — 24/10/2016-ൽ മറുപടിക്ക്

### സേവന അവകാശ നിയമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന് | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) കേരളത്തിൽ സേവന അവകാശ നിയമം നിലവിൽ വന്നത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ ; | (എ) 2012 നവംബർ മാസം 1-ാം തീയതി കേരള സംസ്ഥാന സേവനാവകാശ നിയമം-2012 നിലവിൽ വന്നു. |
| (ബി) ഈ നിയമം ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞ സർക്കാർ ചെയ്തതും ഇപ്പോഴത്തെ സർക്കാർ ചെയ്തുവരുന്നതുമായ കാര്യങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ | (ബി) ഉത്തരം അനുബന്ധമായി ചേർക്കുന്നു. |
| (സി) നിശ്ചിത സമയത്തിനുള്ളിൽ സേവനം നൽകിയില്ലെങ്കിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും പിഴ ഈടാക്കാനും അച്ചടക്ക നടപടിക്ക് വിധേയമാക്കാനും ഈ നിയമത്തിൽ വ്യവസ്ഥയുണ്ടോ ; | (സി) ഉണ്ട്. |
| (ഡി) എങ്കിൽ ഈ നിയമം നിലവിൽ വന്നതിന് ശേഷം എത്ര ഉദ്യോഗസ്ഥർ നടപടിക്ക് വിധേയമായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;<br>(ഇ) ഒരു ഉദ്യോഗസ്ഥൻ പോലും ഈ നിയമപ്രകാരം നടപടിക്ക് വിധേയമായിട്ടില്ലെങ്കിൽ അത് സേവനത്തിന്റെ മഹിമകൊണ്ടാണ് എന്ന് കരുതുന്നുണ്ടോ ; | (ഡി) & (ഇ) ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുത്തതായി റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (എഫ്) സേവന അവകാശ നിയമം നടപ്പാക്കുന്നത് നിരീക്ഷിക്കാൻ എന്ത് സംവിധാനമാണ് ഉള്ളത് എന്ന് വ്യക്തമാക്കാമോ ; | (എഫ്) ഓരോ വകുപ്പും പ്രസ്തുത നിയമ പ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് എല്ലാ മാസവും അതാത് ഭരണവകുപ്പിന് നൽകുന്നുണ്ട്. കൂടാതെ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ അപേക്ഷകളും വിജ്ഞാപന പ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതാണെന്നും |

15.11.2014-ലെ 16203/ ഏ.ആർ.12(1)/ 2013/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

| | | |
|---|---|---|
| (ജി) | സർക്കാർ ഓഫീസുകളുടെ കാര്യക്ഷമത ഉറപ്പ് വരുത്തുന്നതിനായി സേവന അവകാശ നിയമം ഫലപ്രദമായി നടപ്പാക്കാൻ തയ്യാറാകുമോ ? | (ജി) സേവനാവകാശ നിയമം 2012 സംബന്ധിച്ചുള്ള പ്രവർത്തനങ്ങളുടെ വിലയിരുത്തൽ കാര്യക്ഷമമാക്കുന്നതിലേക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് എൻ.ഐ.സി.യുടെ സഹകരണത്തോടെ സേവനാവകാശ നിയമത്തിന്റെ ഓൺ ലൈൻ മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കുന്നതിലേക്കായി ഒരു വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ഐ.എം.ജി യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

സേവനാവകാശ നിയമവും ചട്ടങ്ങളും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി നിയമം നടപ്പിലാക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിലേയ്ക്കും, കേരള സംസ്ഥാന സേവനാവകാശ ചട്ടം 6 പ്രകാരം സർക്കാർ ഓഫീസുകളിലെ നോട്ടീസ് ബോർഡിൽ ഗസറ്റ് വിജ്ഞാപനത്തിലെ വിവരങ്ങളും, സേവനങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളും, ചട്ടങ്ങളിലെ ഫോറങ്ങളും എഴുതി പ്രദർശിപ്പിക്കുന്നതിലേയ്ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ, നിയുക്ത ഉദ്യോഗസ്ഥനോ, പ്രാധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതി പോലെ, അപേക്ഷകന്, ഫാറം നമ്പർ 1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്ത പക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതുമാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. സേവനാവകാശ നിയമ പ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് ഓരോ മാസവും വകുപ്പുതലവന്മാർ ബന്ധപ്പെട്ട ഭരണവകുപ്പ് മുഖേന ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, സേവനങ്ങൾ ലഭിക്കുന്നതിന് കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രത്യേകം അപേക്ഷകളൊന്നും നൽകേണ്ടതില്ലെന്നും സേവനങ്ങൾ നൽകുന്നതിനുവേണ്ടി സർക്കാർ ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രസ്തുത വകുപ്പുകൾ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവയാണെങ്കിൽ, അത്തരം എല്ലാ അപേക്ഷകളും വിജ്ഞാപനപ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

പൊതുജനങ്ങൾക്ക് സേവനങ്ങൾ നൽകുന്ന പ്രധാനപ്പെട്ട വകുപ്പുകളിലെല്ലാം കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് സേവനങ്ങൾ കൃത്യമായും വേഗത്തിലും നൽകത്തക്ക രീതിയിലുള്ള സംവിധാനങ്ങൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി സർക്കാർ ആഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം, DDFS, e-ഓഫീസ് തുടങ്ങിയ ആധുനിക സംവിധാനങ്ങൾ വ്യാപകമാക്കിക്കൊണ്ടിരിക്കുകയാണ്. കമ്പ്യൂട്ടർ അധിഷ്ഠിത ഫയൽ നിരീക്ഷണ സംവിധാനമായ IDEAS ഉം നിലവിലുണ്ട്. വിവിധ സർക്കാർ വകുപ്പുകളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് വർക്ക് സ്റ്റഡി നടത്തി റിപ്പോർട്ടുകൾ പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകി വരുന്നുമുണ്ട്. പഞ്ചദിന ചട്ടം, സേവനാവകാശ നിയമം എന്നിവ പ്രകാരവും അപേക്ഷകളിന്മേൽ വേഗം തീരുമാനമെടുത്തു വരുന്നു. സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികളും അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിന് വിവിധ സർക്കാർ വകുപ്പദ്ധ്യക്ഷന്മാർക്കും ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകി വരുന്നുണ്ട്.

(ഒപ്പ്)
സെക്ഷൻ ഓഫീസർ